# പതിനായിരങ്ങൾക്ക് സാന്ത്വനമായി ജനസമ്പർക്ക പരിപാടി





1) കരുണയുടെ കരംനീട്ടി... ചന്ദ്രശേഖരൻനായർ സ്റ്റേഡിയത്തിൽ നടന്ന ജനസമ്പർക്ക പരിപാടിയിൽ മുഖ്യമന്ത്രി ഉമ്മൻചാണ്ടി ജനങ്ങളിൽ നിന്നും പരാതി സ്വീകരിക്കുന്നു 2) ജനസമ്പർക്ക പരിപാടിക്കെത്തിയ വൻ ജനക്കൂട്ടം

- പരാതികളുടെ പ്രളയം
- സ്റ്റേഡിയം നിറഞ്ഞുകവിഞ്ഞു
- പരാതികൾക്ക് ഉടൻ പരിഹാരം
- പരാതിക്കാർക്ക് ഭക്ഷണവും
- വൻ ജനകീയ പങ്കാളിത്തം

തിരുവനന്തപുരം: ''നിങ്ങൾ കാത്തു നിൽക്കാൻ തയാറെങ്കിൽ, അവസാനത്തെ പരാതിക്കാരന്റെ വിഷയവും പരിഹരിക്കാൻ ഞങ്ങൾ റെഡി''- ചന്ദ്രശേഖരൻ നായർ സ്റ്റേഡിയത്തിലെ നിറഞ്ഞ സദസിനെ നോക്കി മുഖ്യമന്ത്രി ഉമ്മൻചാണ്ടി പറഞ്ഞു.

രാവിലെ 9.30 ഓടെയാണ് മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിക്ക് തുടക്കമായത്. പതിനായിരത്തിലധികം പേർ ഒത്തുകൂടിയപ്പോൾ പലർക്കും സംശയമായി- ഇത്രയധികം പേരുടെ പരാതികൾ എങ്ങനെ മുഖ്യമന്ത്രി കേൾക്കുമെന്ന് അവർ പരസ്പരം ചോദിച്ചു. എല്ലാവരെയും അത്ഭുതപ്പെടുത്തുന്നതായിരുന്നു മുഖ്യമന്ത്രിയുടെ ഉദ്ഘാടന പ്രസംഗത്തിലെ പരാമർശം. ഓരോ പരാതിയും വായിച്ചുനോക്കി, പരാതിക്കാരനോട് സംസാരിച്ച് മുഖ്യമന്ത്രിതന്നെ പരിഹാരമെഴുതി. ഒരു മിനിട്ടു മുതൽ പത്തും പതിനഞ്ചും മിനിട്ടുവരെ വേണ്ടിവന്നു ഒരു പരാതി പരിഹരിക്കാൻ. ചിലർക്ക് പരിഹാരം ഉണ്ടായാൽ പോര, മുഖ്യമന്ത്രിയോട് സംസാരിക്കണം. അതിനും അവസരം നിഷേധിച്ചില്ല.

ആദ്യ മൂന്ന് മണിക്കൂറിൽ പരിഹരിച്ചത് 3,000 പരാതികൾ. ഉച്ചയായപ്പോൾ ഇത് 5550 എന്ന് ഔദ്യോഗികമായ കണക്ക്. ഇവയിൽ അധികവും ചികിത്സാ സഹായവും മറ്റ് സാമ്പത്തിക സഹായവും തേടിയുള്ളതായിരുന്നു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് മാത്രം 18 ലക്ഷം രൂപയാണ് ആദ്യമണിക്കൂറുകളിൽ മാത്രം വിതരണം ചെയ്തത്.

അപകടത്തിൽ പെട്ട് എഴുന്നേറ്റുനിൽക്കാനാകാത്ത മനോജെന്ന 25കാരന് സാന്ത്വനത്തിന്റെ കരം നീട്ടുകയായിരുന്നു മുഖ്യമന്ത്രി. ഒരുപാട് സ്വപ്നങ്ങളുമായി ജീവിച്ച മനോജിന് പെട്ടിയോട്ടോയുടെ രൂപത്തിലെത്തിയ അപകടമാണ് കട്ടിലിൽ തളച്ചത്. നാലുവർഷം മുമ്പാണ് ജോലിക്കു പോയി മടങ്ങിവരുന്ന വഴിയിൽ നിയന്ത്രണം വിട്ടുവന്ന പെട്ടിഓട്ടോറിക്ഷ മനോജിനെ ഇടിച്ചുവീഴ്ത്തിയത്. തെറിച്ചുവീണ മനോജിന്റെ ദേഹത്തേക്ക് ഓട്ടോ മറിയുകയായിരുന്നു. അപകടത്തിൽ സാരമായി പരിക്കേറ്റ മനോജിനെ മെഡിക്കൽകോളജ് ആസ്പത്രിയിൽ ഓപ്പറേഷനു വിധേയനാക്കി. ദാരിദ്ര്യത്തിനിടയിലും കൂലിപ്പണിക്കാരായ മാതാപിതാക്കൾ ചികിത്സ തുടർന്നു. ഇതുവരെ ചികിത്സക്കായി പത്തുലക്ഷത്തിലേറെ രൂപ ചെലവഴിച്ചു കഴിഞ്ഞു.

കോട്ടയം ഫാത്തിമ ആസ്പത്രിയിൽ ചികിത്സ തുടങ്ങിയശേഷം അവിടെ ചികിത്സക്കായി മാസം 18,000 രൂപ വേണം. മൂന്നുവർഷം തുടർച്ചയായി ചികിത്സിച്ചാൽ മനോജിനു നിൽക്കാനും നടക്കാനുമാകുമെന്ന് ഡോക്ടർ ഉറപ്പു നൽകി. അതിനായി ഇനിയും അഞ്ചുലക്ഷത്തോളം രൂപ ചെലവു വരും. അതിനു വേണ്ടിയാണ് മാതാപിതാക്കൾ മുഖ്യമന്ത്രിക്ക് മുന്നിലെത്തിയത്. പരാതി കേട്ടശേഷം മുഖ്യമന്ത്രി 10,000 രൂപ അടിയന്തിര ചികിത്സാ സഹായം അനുവദിച്ചു. തുടർ ചികിത്സക്ക് ആവശ്യമായ നടപടികൾ സ്വീകരിക്കാൻ ബന്ധപ്പെട്ടവർക്ക് നിർദേശം നൽകിയത്.

ശശിധരൻ മരംമുറിക്കൽ തൊഴിലാളിയായിരുന്നു. 13 വർഷം മുമ്പ് തെങ്ങ് മുറിക്കുന്നതിനിടെ വീണു സാരമായി പരിക്കേറ്റു. വിദഗ്ധ ചികിത്സ നൽകിയെങ്കിലും വീഴ്ചയുടെ ആഘാതത്തിൽ ശശിധരന്റെ അരയ്ക്കു താഴെ തളർന്നു കിടപ്പായി. കമിഴ്ന്നു കിടന്നായിരുന്നു ഭക്ഷണവും പ്രാഥമിക കർമങ്ങളും. ദിവസേന മരുന്നുകൾക്കും മറ്റുമായി 300 രൂപയിലേറെ ചെലവാകും. ഇവർക്ക് യാതൊരുവിധ സാമ്പത്തിക സഹായവും ലഭിച്ചിരുന്നില്ല. സ്വന്തമായി ഭൂമിയോ വീടോ ഇല്ലാതിരുന്ന ഈ ദമ്പതികളുടെ താമസം മകൻ ഗോപകുമാറിന്റെ ഭാര്യയുടെ വീട്ടിലായിരുന്നു. ഇതുവരെ രണ്ടുലക്ഷത്തിലധികം രൂപ ചികിത്സക്കായി ചെലവായി. ദാരിദ്ര്യത്തിന്റെ പടുകുഴിയിൽ കഴിയുന്ന ഈ കുടുംബത്തിന് മുഖ്യമന്ത്രി അടിയന്തിര ചികിത്സക്കായി 10,000 രൂപ ഉടൻ അനുവദിച്ചു. ചികിത്സാ ചെലവിലേക്കായി മാസം 5000 രൂപവീതം നൽകാൻ ഉത്തരവിട്ടു. ഇത്രയും കാലം ഭാര്യ ലീലക്ക് 300 രൂപ പെൻഷനും അനുവദിച്ചു.

പരിപാടിയിലെത്തിയ ആദ്യ പരാതി തന്നെ സാമ്പത്തിക സഹായം തേടിയുള്ളതായിരുന്നു. തെങ്ങിൽ നിന്ന് വീണ് പരിക്കേറ്റ് കഴിയുന്ന സുരേഷിന് കച്ചവടം തുടങ്ങാനായി 75,000 രൂപയാണ് മുഖ്യമന്ത്രി അനുവദിച്ചത്. വൻ ജനപങ്കാളിത്തമാണ് പരിപാടിക്ക് ലഭിച്ചത്. പരാതിയുമായി വരുന്നവർക്ക് രജിസ്ട്രേഷനുള്ള സൗകര്യമുൾപ്പെടെ 50 കൗണ്ടറുകൾ ഒരുക്കിയിരുന്നു. ഭരണ- പ്രതിപക്ഷ ഭേദമില്ലാതെ എല്ലാ ജനപ്രതിനിധികളും ഒത്തുചേർന്നതും പരിപാടിയെ വേറിട്ടതാക്കി. മന്ത്രി വി.എസ്. ശിവകുമാർ, എം.എൽ.എമാരായ കെ. മുരളീധരൻ, വി. ശിവൻകുട്ടി തുടങ്ങിയവർ മുഖ്യമന്ത്രിക്കൊപ്പമുണ്ടായിരുന്നു.



രോഗിയായ കുട്ടിയുമായി ജനസമ്പർക്ക പരിപാടിയിൽ പങ്കെടുക്കാനെത്തിയ വീട്ടമ്മ